പട്ടികജാതിക്കാർക്കുള്ള സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി

16 (241) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്കുള്ള സമ്പൂർണ്ണ ഭവന പദ്ധതി സംസ്ഥാനത്ത് എത്ര പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര വീടുകൾ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പട്ടികജാതിയിൽപ്പെട്ട എത്രപേർ ഇനിയും വീടില്ലാത്തവരായി ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഇവർക്ക് എന്നത്തേക്ക് വീട് നൽകാൻ കഴിയുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സുവർണ്ണ ജൂബിലി മൈത്രി ഭവന പദ്ധതി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നടപ്പാക്കിവരുന്നു.

(ബി) ഈ പദ്ധതി പ്രകാരം 1385 വീടുകൾ പൂർത്തീകരിച്ചു.

(സി) കൃത്യമായി കണക്കാക്കി വരുന്നു.

(ഡി) 9-ാം പഞ്ചവത്സര പദ്ധതി അവസാനിക്കുന്നതിന് മുമ്പ് സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാ പട്ടികജാതിക്കാർക്കും വീട് ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പട്ടികജാതി ജനവിഭാഗത്തിന് ഏർപ്പെടുത്തിയ ചികിത്സാ പദ്ധതി

17 (242) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി ജനവിഭാഗത്തിന് ഏർപ്പെടുത്തിയ ചികിത്സാ പദ്ധതിയുടെ പ്രവർത്തനപുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതി പ്രകാരം എത്രപേർക്ക് ഇതിനകം ആനുകൂല്യം നല്കിയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിപ്രകാരം ഇതിനകം ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly